ഉത്തരം

ഉദ്ദേശ്യമുണ്ട്. ആദ്യത്തേത് കോഴിക്കോടാണ് ആരംഭിക്കുന്നത്. സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ

97 [2966] ശ്രീ. വർക്കല കഹാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
,, കെ. സുധാകരൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന് സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് സപ്ലൈ ചെയ്യുന്നതിന് വേണ്ടിയുള്ള ടെണ്ടറിൽ എന്തെല്ലാം നിബന്ധനകളാണ് വെച്ചിരുന്നത്;

(ബി) പ്രസ്തുത കാർഡ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ എത്ര പേരിൽനിന്ന് കിട്ടി;

(സി) ആരിൽനിന്നെല്ലാം ഈ ടെണ്ടർ കിട്ടി എന്നും എന്നൊക്കെയാണ് എന്നും അറിയിക്കുമോ; ഓരോരുത്തരും കൊട്ട് ചെയ്ത തുക എത്ര;

(ഡി) ടെണ്ടർ വ്യവസ്ഥ പാലിക്കുവാനുള്ള സംവിധാനം ഇവരിൽ ആർക്കെല്ലാം ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് രൂപത്തിലും ഡ്രൈവിംഗ് ലൈസൻസുകളും സ്മാർട്ട് കാർഡ് രൂപത്തിലും ബി.ഒ.ടി. (ബിൽഡ് ഓൺ ഓപ്പറേറ്റ്) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ടെണ്ടറുകളും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിച്ചിട്ടുണ്ട്:

(1) തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനത്തിന് സംസ്ഥാനമൊട്ടാകെ മേൽപ്പടി പദ്ധതി നടപ്പിലാക്കുന്നതിന് അഞ്ചുവർഷം കാലാവധിയാണ് നിശ്ചയിച്ചിരിക്കുന്നത്.

(2) സ്ഥാപനങ്ങൾ കമ്പനീസ് ആക്റ്റ് പ്രകാരം ഉള്ളതോ മറ്റു കമ്പനികളുടെ കൺസോർഷ്യമോ അല്ലെങ്കിൽ ജോയിന്റ് വെഞ്ചറോ ആകാം.

(3) കഴിഞ്ഞ മൂന്നു വർഷം സ്ഥാപനങ്ങൾ ഏറ്റവും കുറഞ്ഞത് ഓരോ വർഷവും പത്ത് കോടി വാർഷിക വിറ്റുവരവ് (ആനുവൽ ടേൺ ഓവർ) ഉണ്ടായിരിക്കേണ്ടതാണ്.

(4) ടർഘാസ് അപേക്ഷയോടൊപ്പം പ്രത്യേകം പ്രത്യേകം കവറുകളിൽ ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും സമർപ്പിക്കേണ്ടതാണ്.

(5) നിരത ദ്രവ്യമായി ഇരുപത്തിയഞ്ചു ലക്ഷം രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ എടുത്ത് ടെണ്ടർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ബി) അഞ്ചു സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) (1) കെൽട്രോൺ, തിരുവനന്തപുരം. (2) ഐ. ടി. ഐ. ലിമിറ്റഡ്, ബാംഗ്ലൂർ. (3) ഷോങ്ടെ ടെക്നോളജീസ് ലിമിറ്റഡ്, ന്യൂഡൽഹി. (4) എറ്റ്കോ ടെലികോം (5) സണ്ടെക് ലിമിറ്റഡ്, മാംഗ്ലൂർ എന്നീ അഞ്ചു സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി. 6-6-2005-ൽ ആണ് എല്ലാ ടെണ്ടറുകളും ലഭിച്ചത്. ടെക്നിക്കൽ ബിഡ് പരിശോധന പൂർത്തിയാകാത്തതിനാൽ ഓരോരുത്തരും കാട്ടിയ തുക എത്രയെന്ന് അറിയാൻ കഴിയുകയില്ല.

(ഡി) 29-6-2005-ലെ സർക്കാർ ഉത്തരവ് (സാധ.) നമ്പർ 229/05/ട്രാൻ. പ്രകാരം നിലവിൽ വന്നിട്ടുള്ള ടെക്നിക്കൽ കമ്മറ്റിയുടെ ടെക്നിക്കൽ ബിഡ് പരിശോധന നടന്നുകൊണ്ടിരിക്കുന്നതിനാൽ അത് പൂർത്തിയായതിനുശേഷം മാത്രമേ ടെണ്ടർ വ്യവസ്ഥ പാലിക്കുവാനുള്ള സംവിധാനം ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കുണ്ട്, എന്നറിയുവാൻ കഴിയുകയുള്ളൂ.

ജലഗതാഗത വകുപ്പ് ലാഭകരമായി നടത്തുന്നതിന് നടപടി

98 [2967] ശ്രീ. ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിനുവേണ്ടി പുതുതായി സ്റ്റീൽ ബോട്ടുകളും ഫൈബർ ബോട്ടുകളും വാങ്ങുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ എത്രവീതമെന്ന് പറയുമോ;

(സി) ഇത്തരം ബോട്ടുകളെക്കൊണ്ട് ഈ വകുപ്പ് ലാഭകരമായി നടത്തുവാൻ കഴിയുമോ;

(ഡി) ജലഗതാഗത വകുപ്പ് ലാഭകരമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റീൽ ബോട്ടുകളും വാങ്ങുന്നതിന് ഉദ്ദേശ്യമുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ 6 സ്റ്റീൽ ബോട്ടുകളും.

(സി) ഇല്ല.

(ഡി) ജലഗതാഗത വകുപ്പ് ലാഭ നഷ്ടം നോക്കാതെ ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസായാണ് പ്രവർത്തിച്ചു വരുന്നത്. എങ്കിലും വകുപ്പിന്റെ പ്രവർത്തന പരിധി ടൂറിസം മേഖലയിലേക്ക് വ്യാപിപ്പിച്ചും ബോട്ടു സർവ്വീസിന്റെ ടിക്കറ്റ് നിരക്ക് ഉയർത്തിയും അടിക്കടി റിപ്പയർ വേണ്ടിവരുന്ന തടി ബോട്ടുകൾ മാറ്റി പകരം സ്റ്റീൽ/ഫൈബർ ബോട്ടുകൾ സർവ്വീസിനിറക്കിയും ജലഗതാഗത വകുപ്പിന്റെ നഷ്ടം കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly